**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ.മണികണ്ഠൻ s/o വെള്ള ചെത്തിയോട് കൊടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024**

മേൽ സൂചന (1) പ്രകാരം ശ്രീ.മണികണ്ഠന് s/o വെള്ള ചെത്തിയോട് കൊടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ ലഭിച്ചില്ലെന്ന പരാതി പരിഗണിച്ചു. പഞ്ചായത്തിലെ ഫയൽ പരിശോധിച്ചു. കൊടുവായൂർ ഗ്രാമപഞ്ചായത്ത് LSGD അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് നല്കിയ റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. സൈറ്റിലെ അളവും, പ്ലാനിലെ അളവും വ്യത്യാസം

2. പെർമിറ്റിൽ നിന്നും വ്യത്യാസമായി സിറ്റ് ഔട്ട് എടുത്തിരിക്കുന്നു.

3. ഫ്രണ്ട സെറ്റ്ബാക്ക് സൈറ്റിലെ അളവും, പ്ലാനിലെ അളവും വ്യത്യാസം

4. നിലവിലെ പോർച്ചില് നിന്നും പ്ലോട്ട് ബൌണ്ടറി KPBR Rule 26 Table 4 പാലിക്കുന്നില്ല.

5. പ്ലോട്ടിന്റെ അതിര് വ്യക്തമല്ല

6. പ്ലാനിൽ അടയാളപ്പെടുത്തിയ ടോയ്ലറ്റിന്റെ അടുത്ത് ഒരു ഷെഡ് ഉണ്ട്. ആയത് പ്ലാനിൽ കാണിച്ചിട്ടില്ല.

7. KPBR പ്രകാരം ആവറേജ് സിസ്റ്റത്തിൽ പരിഗണിക്കണമെങ്കിലും ഫ്രണ്ടയാർഡ് ആവറേജ് 1.8 മീറ്റർ, ഫ്രണ്ട് മിനിമം 1.2 മീറ്റർ ആവശ്യമാണ്. ഫ്രണ്ട് ആവറേജ് നിലവിൽ മാർക്ക് ചെയ്ത അതിരിൽ നിന്നും കിട്ടുന്നില്ല.

അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. മേല് പറഞ്ഞ ന്യൂനതകൾ ഉള്ളതിനാൽ കെട്ടിടത്തിന് UA നമ്പർ നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽവിജിലൻസ്ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : പ്രകാരം ശ്രീ.മണികണ്ഠന് s/o വെള്ള ചെത്തിയോട് കൊടുവായൂർ